എനർജി മാനേജ്മെന്റ് സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 6, ലക്കം 5 | 2025 മെയ് 05

# കുടുംബശ്രീ വനിതകൾക്ക് ഇലക്ട്രിക് സൈക്കിളിലൂടെ സുസ്ഥിര ഗതാഗതം



തദ്ദേശസ്വയംഭരണ വകുപ്പ്, ഊർജ്ജ വകുപ്പ്, കേന്ദ്ര ഗ്രാമവികസന മന്ത്രാലയം എന്നിവയുടെ സംയുക്ത സംരംഭമായ S.T.R.E.E (Sustainable Transport for Rural Empowerment of Entrepreneurs) പദ്ധതിയുടെ ഭാഗമായി, ഗ്രാമീണ മേഖലയിലെ 600 കുടുംബശ്രീ വനിതാ സംരംഭകർക്ക് ഇലക്ട്രിക് സൈക്കിളുകൾ വിതരണം ചെയ്യുന്നു. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം തദ്ദേശസ്വയംഭരണ വകുപ്പ്, മന്ത്രി എം.ബി രാജേഷ് ആലത്തൂരിൽ നിർവഹിച്ചു. വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി അധ്യക്ഷനായി. കെ രാധാകൃഷ്ണൻ എം.പി, പി പി സുമോദ്, കെ ഡി പ്രസേനൻ എം.എൽ.എമാർ, പഞ്ചായത്ത് പ്രതിനിധികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

പാലക്കാട് ജില്ലയിൽ 250 സൈക്കിളുകളും കണ്ണൂർ ജില്ലയിൽ 350 സൈക്കിളുകളുമാണ് വിതരണം ചെയ്യുന്നത്. 33,000 രൂപ വിലയുള്ള ഓരോ ഇ-സൈക്കിളിനും ഗുണഭോക്താവ് വെറും ₹3000 മാത്രമേ നൽകേണ്ടതുള്ളൂ. ശേഷിച്ച തുകയിൽ ₹6450 എനർജി മാനേജ്മെന്റ് സെന്ററും ബാക്കി ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കും ഏറ്റെടുക്കും. ഒരു തവണ ചാർജ്ജ് ചെയ്താൽ 40 കിലോമീറ്റർ സഞ്ചരിക്കാവുന്ന ഇ - സൈക്കിൾ ചാർജ്ജ് ചെയ്യാൻ 0.5 യൂണിറ്റ് വൈദ്യുതി മാത്രമേ വേണ്ടൂ അതായത് ഏകദേശം ₹3.5 മാത്രം ചിലവിൽ.

പദ്ധതി, 40 വയസ്സിന് താഴെ പ്രായമുള്ള, ജോലിയുടെ ഭാഗമായി ദിവസവും 5 കിലോമീറ്റർ സഞ്ചരിക്കുന്ന, അയൽക്കൂട്ട അംഗങ്ങളായ വനിതാ സംരംഭകരെയാണ് ലക്ഷ്യമിടുന്നത്. ഈ സൈക്കിളുകൾ വനിതാ സംരംഭകരുടെ ഉപജീവനസൗകര്യവും വരുമാനവും വർധിപ്പിക്കുവാൻ സഹായകരമാകും. പദ്ധതി 2050-ഓടെ കാർബൺ ന്യൂട്രൽ കേരളം ലക്ഷ്യമിടുന്നതിനും സ്ത്രീശാക്തീകരണത്തിനും ദിശാസൂചനയാകുന്നു.

## ഇലക്ട്രിക് സൈക്കിൾ വിതരണം



കുടുംബശ്രീയിലെ തെരഞ്ഞെടുത്ത വനിതകൾക്കുള്ള ഇലക്ട്രിക്ക് സൈക്കിളുകളുടെ ചിറ്റൂർ നിയോജകമണ്ഡലത്തിലെ വിതരണം വൈദ്യുതി വകുപ്പ് മന്ത്രി കെ കൃഷ്ണൻകുട്ടി നിർവഹിച്ചു.

## കേരള സർക്കാരിന്റെ നാലാം വാർഷിക പ്രദർശനം

കേരള സർക്കാരിന്റെ നാലാം വാർഷികത്തോടനുബന്ധിച്ച് കാസർഗോഡ് ജില്ലയിൽ സംഘടിപ്പിച്ച പ്രദർശനത്തിലെ ഇ എം സിയുടെ സ്റ്റാൾ ബഹു. വൈദ്യുതി മന്ത്രി കെ. കൃഷ്ണൻകുട്ടി സന്ദർശിച്ചു. ഇ. എം. സിയുടെ വിവിധ സ്കീമുകൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്ന രീതിയിലാണ് സ്റ്റാൾ ക്രമീകരിച്ചിട്ടുള്ളത്.




കേരള സർക്കാർ നാലാം വാർഷിക പ്രദർശനത്തിൽ ഇ എം സി സ്റ്റാൾ സന്ദർശിച്ച് മന്ത്രി കെ. കൃഷ്ണൻകുട്ടി

# EMC Highlighted Kerala's Unique Needs at National Demand Flexibility Forum



Energy Management Centre (EMC) Kerala recently actively participated in the Interactive Forum on Demand Flexibility, co-hosted by AEEE and CLASP on 25th April 2025 at New Delhi. Dinesh Kumar A N, Joint Director, EMC, represented Kerala, offering crucial insights into the state's unique energy landscape. The electricity demand in the state from domestic sector constitutes more than 50%, with nearly 65% of the revenue stream for the DISCOM's in Kerala, emphasizing the critical need for tailored demand flexibility and response measures to strengthen grid reliability and manage peak demand effectively with households as the core. The forum brought together key stakeholders from DISCOMs, regulatory bodies, and academia to align on these shared priorities.

The forum spotlighted key recommendations, including formalizing Demand Flexibility as a Resource Adequacy Mandate, empowering Demand Response Aggregators, and prioritizing DR-Ready Appliances. EMC is part of a dedicated coalition, including AEEE, SEforALL, and RMI, committed to advancing this agenda. This collaborative effort aims to accelerate the transition from conceptual ideas to practical implementation, leveraging demand flexibility not just for grid balancing, but to redesign India's energy system with consumers, innovation, and resilience at its core.

# Empowering Women Through Green Mobility: EMC Launches STREE Scheme in Palakkad



Energy Management Centre (EMC), in collaboration with EESL and Kudumbashree, conducted the Energy Champions Training Programme on 19th April 2025 at the Kannambra Grama panchayath hall, with 60 selected women taking part. This initiative was carried out under the "Sustainable Transport for Rural Entrepreneurs through Electric Bicycles (STREE)" scheme, which aims to boost the rural economy—especially by empowering women—through the promotion of eco-friendly mobility solutions. As part of the scheme, 250 electric bicycles were distributed in the Palakkad district, and another 350 are scheduled for distribution in the Kannur district soon.

# Smart Electric Kitchen Sensitisation Program | Kasaragod




As part of Kerala's green energy mission, the Energy Management Centre (EMC) organized a Sensitisation Program on Smart Electric Kitchens on April 29, 2025, at AC Kannan Nair Smaraka Govt. UP School, Kasaragod. Inaugurated by Subhash Babu, Registrar, EMC, the event showcased the ACKNS Smart Kitchen, powered by a 20 kWp solar PV system. Serving 500 students daily with energy-efficient electric boilers and jacketed cooking vessels, the school has eliminated LPG and firewood use, becoming a carbon-negative campus. Teachers and school representatives across Kasaragod attended, highlighting a model for clean, energy-efficient mid-day meal preparation.

# ചൂടിനെ നേരിടാൻ കുളിർമ പദ്ധതി ആരംഭിച്ചു




കേരളത്തിൽ അന്തരീക്ഷ താപനിലയിലുണ്ടാകുന്ന വർധനവിന്റെ പശ്ചാത്തലത്തിൽ, എയർ കണ്ടീഷണറുകളുടെ ഉപയോഗത്തിൽ വലിയ വർധനവുണ്ടാകുമെന്ന പ്രതീക്ഷയുണ്ട്. ഇതിന്റെ ഫലമായി സംസ്ഥാനത്ത് വൈദ്യുതി ഉപയോഗം കൂടുതൽ ഉയരാൻ സാധ്യതയുണ്ട്. ഈ സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ 'കുളിർമ' എന്ന പേരിൽ ഒരു പദ്ധതി മുന്നോട്ടുവെച്ചിട്ടുണ്ട്. കൂളിംഗ് റൂഫ് സാങ്കേതികവിദ്യയുടെ സാധ്യതകൾ ഉപയോഗപ്പെടുത്തിയാണ് കെട്ടിടങ്ങളിലെ താപം കുറക്കാൻ ഈ പദ്ധതി ലക്ഷ്യമിടുന്നത്.

സൂര്യപ്രകാശം പ്രതിഫലിപ്പിക്കുകയും ചൂടിന്റെ ആഗിരണം കുറയ്ക്കുകയും ചെയ്യുന്ന കോട്ടിങ്ങുകൾ പ്രചരിപ്പിക്കലാണ് ഈ പദ്ധതി ലക്ഷ്യം വക്കുന്നത് കൂളിംഗ് റൂഫ് സാങ്കേതികവിദ്യ എന്ന ആശയം, 'കുളിർമ' എന്ന പേരിൽ, പൊതുജനങ്ങളിലേക്ക് എത്തിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത് എൻ.ജി.ഒ (സർക്കാരേതര സംഘടനകൾ) മാരുടെ സഹായത്തോടെ ആണ്. സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിലായി ഈ ബോധവത്കരണ ക്യാമ്പയിനുകൾ എൻ.ജി.ഒ കൾ മുഖേന നടത്തും.

കൂളിംഗ് റൂഫ് സാങ്കേതികവിദ്യയുടെ പലവിധ മാർഗങ്ങളെയും കുറിച്ച് എൻ.ജി.ഒ മാർ പരിപാടിയിൽ പങ്കെടുത്തവരുമായി ചർച്ച ചെയ്യുന്നു. ഏപ്രിൽ മാസത്തിൽ 103 നിയോജക മണ്ഡലങ്ങളിൽ ബോധവത്കരണ പരിപാടികൾ ഉത്സാഹപൂർവം നടത്തി പൂർത്തിയാക്കിയിട്ടുണ്ട്. ശേഷിക്കുന്ന മണ്ഡലങ്ങളിൽ മെയ് മാസത്തിൽ ബോധവത്കരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കാനാണ് ലക്ഷ്യം.

# ഊർജസംരക്ഷണത്തിന് ഉണർവ്വ്: വിദ്യാർത്ഥികൾക്കായി ഇ.എം.സി സംഘടിപ്പിച്ച അവബോധ പരിപാടി

ഇ. എം. സി വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഉള്ള ഊർജ്ജ സംരക്ഷണ അവബോധ പരിപാടിയായ ഉണർവ്വ് 2025 ഏപ്രിൽ 4–ാം തീയതി എനർജി മാനേജ്മെന്റ് സെന്റർ ഓഡിറ്റോറിയത്തിൽ നടത്തുകയുണ്ടായി.പി എം കെ വി സി ആർ പി എഫ് പള്ളിപ്പുറം, തിരുവനന്തപുരത്തു നിന്നുള്ള വിദ്യാർത്ഥികളും അധ്യാപകരും പങ്കെടുത്ത പരിപാടിയിൽ സിന്ധു എസ് കുമാർ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ ഓഫീസർ ഇ എം സി സ്വാഗതം ആശംസിച്ചു.



അനൂപ് സുരേന്ദ്രൻ എനർജി ടെക്നോളജിസ്റ്റ് ഇ. എം. സി ആമുഖപ്രഭാഷണം നടത്തി. നീനു മറിയം സോളമൻ ഊർജ്ജ സംരക്ഷണ അവബോധ ക്ലാസ്സ് നടത്തുകയുണ്ടായി. ചടങ്ങിൽ സുഭാഷ് അധ്യാപകൻ , പി എം ശ്രീ കേന്ദ്രീയ വിദ്യാലയം, പള്ളിപ്പുറം നന്ദിയും പ്രകാശിപ്പിച്ചു.



# വിവിധ നിയോജക മണ്ഡലങ്ങളിൽ നടന്ന കുളിർമ ബോധവൽക്കരണ പരിപാടികൾ




കോതമംഗലം നിയോജക മണ്ഡലത്തിലെ സെൻട്രൽ ടെക്നിക്കൽ ട്രെയിനിങ് ഫൗണ്ടേഷൻ നടത്തിയ പരിപാടി




കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഷെയർ സോഷ്യൽ വർക്ക് നടത്തിയ പരിപാടി




കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ലൈഫ് കരുനാഗപ്പള്ളി നടത്തിയ പരിപാടി




മണലൂർ നിയോജക മണ്ഡലത്തിലെ EDS (Entrepreneurship development society) നടത്തിയ പരിപാടി




ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ SAFE(Sacred Heart Association for Family Empowerment) നടത്തിയ പരിപാടി

## Heartfelt Condolences

we the EMC family deeply mourns the loss of



**Mr. Jose Philip**

Building Energy Efficiency Expert, EMC

Design & Layout: Prajeesh A.



Published by **Dr. R. Harikumar**, Director, EMC

Editorial board

Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Tomson Sebastian (Member)
Er. Anoop Surendran (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: +91-471-2594922, 2594924
www.keralaenergy.gov.in
Toll Free No. 1800 425 5256